# ഐഡയുടെ മനസ്സാക്ഷിയിൽ ചോക്കലേറ്റിന്റെ കറ!

പോസ്റ്റുമാൻ പോസ്റ്റുബോക്സിൽ വലിയ ഒരു പായ്ക്കറ്റ് നിക്ഷേപിച്ച് വണ്ടിവിട്ടപ്പോൾ ബില്ലിയും സഹോദരി ബെറ്റിയും മത്സരിച്ച് ഓടി. പക്ഷേ ബല്ലിക്കാണ് പായ്ക്കറ്റ് കിട്ടിയത്. പായ്ക്കറ്റ് കണ്ടപ്പോൾത്തന്നെ മനസ്സിലായി അതിന്റെ ഉള്ളിൽ വിലകൂടിയ ചോക്കലേറ്റുകളാണെന്ന്.

ചോക്കലേറ്റുപായ്ക്കറ്റ് തിരിച്ചുംമറിച്ചും നോക്കിയ അവരുടെ മമ്മിയ്ക്കും മനസ്സിലായില്ല തങ്ങൾക്ക് സമ്മാനം അയച്ചുതന്ന മിസ്സസ് വില്യം ബ്രൗൺ ആരാണെന്ന്. ആയിരത്തിയഞ്ഞൂറു മൈലുകൾക്കപ്പുറത്തുനിന്നും തങ്ങൾക്ക് ചോക്കലേറ്റ് അയച്ചുതരുവാൻ അവിടെ ബന്ധുക്കളോ സുഹൃത്തുക്കളോ ഇല്ലെന്നതാണ് ആ കുടുംബത്തെ ചിന്താക്കുഴപ്പത്തിലാക്കിയത്.

അടുത്തദിവസത്തെ മെയിലിൽ അവർക്ക് വില്യം ബ്രൗണിന്റെ ഒരു കത്ത് ഉണ്ടായിരുന്നു. കത്തുവായിച്ചപ്പോഴാണ് ചോക്കലേറ്റിന്റെ രഹസ്യം ചുരുളഴിഞ്ഞത്.

പതിനെട്ടുവർഷങ്ങൾക്ക് മുൻപ് അയൽപക്കക്കാരിയായ ഐഡ എന്ന ബാലിക ഒഴിവുദിവസങ്ങളിൽ ആ വീട്ടമ്മയെ സഹായിക്കുവാൻ എത്താറുണ്ടായിരുന്നു. ഒരുദിവസം ധനികയായ ആ വീട്ടമ്മ അന്ന് നാലുവയസ്സുണ്ടായരുന്ന ബില്ലിയെ ഐഡയെ ഏൽപ്പിച്ചിട്ട് പട്ടണത്തിലേക്കു പോയി. വൈകിട്ട് തിരികെ എത്തിയപ്പോൾ ഡൈനിംങ്ങ് ടേബിളിൽ ഇരുന്ന ചോക്കലേറ്റുകവർ കാലിയായത് അവർ ശ്രദ്ധിച്ചു!

ഐഡയെ ചോദ്യം ചെയ്തപ്പോൾ ബില്ലിയുടെ പണിയാണതെന്ന് അവൾ മറുപടി നൽകി. ചോക്കലേറ്റ് അധികം കഴിക്കുന്നത് നന്നല്ലെന്ന് മകനെ ഉപദേശിച്ചുകൊണ്ട് ആ അമ്മ അന്നുതന്നെ ആ അധ്യായം അടച്ചതാണ്.

പക്ഷേ, ഐഡയുടെ മനസ്സാക്ഷിയിൽ ചോക്കലേറ്റിന്റെ കറപുരണ്ടിരുന്നു. കാലങ്ങൾ പിന്നിട്ടപ്പോൾ ഐഡ യൗവ്വനത്തിലെത്തി. ഒരു ധനികകുടുംബത്തിലെ ഗൃഹനാഥയായി. അതിലെല്ലാം ഉപരിയായി, യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചതിലൂടെ അവൾ ദൈവകുടംബത്തിലെ അംഗമായി. മാനസാന്തരം പ്രാവർത്തികതലത്തിൽ ആഴ്ന്നിറങ്ങിയപ്പോൾ കുട്ടിക്കാലത്ത് മോഷ്ടിച്ച ചോക്കലേറ്റിന്റെ കറകൾ മനസ്സാക്ഷിയിൽ തെളിഞ്ഞുവന്നു. അതിനുള്ള പ്രായശ്ചിത്തമെന്ന നിലയിൽ, ആണ്ടുകൾ കഴിഞ്ഞിട്ടും, അവൾ ഒരു ചോക്കലേറ്റ് പായ്ക്കറ്റ് ആ വീട്ടിലേക്ക് അയച്ചതാണ്. മിസ്സസ് ബ്രൗണിന്റെ മാനസാന്തരം ആ വീട്ടമ്മയ്ക്കും മക്കൾക്കും യഥാർത്ഥ ക്രിസ്തീയത എന്തെന്ന് ഗ്രഹിക്കുവാനും അവരുടെ ജീവിതത്തെ ക്രിസ്തുവിനായി സമർപ്പിക്കുവാനും പ്രചോദനമേകി.

അനുതാപവും ഏറ്റുപറച്ചിലും ക്ഷമായാചനയും തിരകെനൽകലും എല്ലാം യഥാർത്ഥ മാനസാന്തരത്താൽ ഉളവാകുന്ന ഫലങ്ങളാണ്. ഈ കാലഘട്ടത്തിൽ ഇതുപോലെയുള്ള മാനസാന്തരം വളരെ വിരളമായിരിക്കുന്നു. അനുതാപത്തിനുപകരം ചിരിയുടെ പിന്നണിയോടെയാണ് ഇന്ന്  പലരും യേശുവിനെ രക്ഷകനായി സ്വീകരിക്കുന്നത്. മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുവാൻ കർത്താവ് നമുക്കെല്ലാവർക്കും കൃപ പകരട്ടെ.